# ഭാഷയും സംസ്കാരവും : ഒരു സമകാലിക നിരീക്ഷണം

## മാറുന്ന സംസ്കാരം, മറയുന്ന ഭാഷ...

ശാസ്ത്രത്തിന്റെയും വിവരസാങ്കേതിക വിദ്യയുടെയും ത്വരിതഗതിയിലുള്ള വളർച്ച മനുഷ്യന്റെ ജീവിതസാഹചര്യങ്ങളെയും സംസ്കാരത്തെയും മാറ്റിക്കൊണ്ടിരിക്കുന്നു. മാറ്റത്തിന്റെ കുത്തൊഴുക്കിൽ നമ്മുടെ സംസ്കാരത്തെയും ഭാഷയെയും നാം മറന്നുകൊണ്ടിരിക്കുന്ന സമകാലിക ചുറ്റുപാടിൽ ഭാഷയും സംസ്കാരവും നിരീക്ഷിക്കപ്പെടേണ്ടത് അനിവാര്യമാണ്.

മനുഷ്യന്റെ സിദ്ധിവിശേഷമാണ് ഭാഷ. ഭാഷയുടെ ഉദ്ദേശം ഭാഷണമാണ്. ശബ്ദങ്ങളിലൂടെയും ലിഖിതങ്ങളിലൂടെയും ആശയം കൈമാറാനുള്ള ഉപാധിയാണ് ഭാഷ. സമൂഹജീവിയായ മനുഷ്യന്റെ ജീവിതത്തിൽ ഭാഷയ്ക്കുള്ള സ്ഥാനം വളരെ

വിലയേറിയതാണ്.

ദശലക്ഷക്കണക്കിന് വർഷങ്ങൾക്കു മുമ്പ് തന്നെ മനുഷ്യൻ ഭാഷ കണ്ടുപിടിച്ചു. പ്രാചീനമനുഷ്യർ ഗുഹാചിത്രങ്ങളിലൂടെയും പാറകളിൽ കോറിയിട്ട ലിഖിതങ്ങളിലൂടെയും ആശയങ്ങൾ കൈമാറിയിരുന്നത് ഭാഷയുടെ പഴക്കം സൂചിപ്പിക്കുന്നു.

ലോകത്ത് നിരവധി ഭാഷകളും സംസ്കാരങ്ങളുമുണ്ട്. ചില രാഷ്ട്രങ്ങൾക്ക് ഔദ്യോഗികമായ ഭാഷയുണ്ട്. എന്നാൽ അനേകം ധീരരായ സ്വാതന്ത്ര്യസമരസേനാനികളുടെ രക്തത്തിന്റെയും വിയർപ്പിന്റെയും ഫലമായി നമുക്ക് ലഭിച്ച ജനാധിപത്യസ്വതന്ത്രരാഷ്ട്രമായ ഭാരതത്തിൽ നിരവധി ഭാഷകളും സംസ്കാരവുമുണ്ട്. വിവിധതരം ഭാഷകൾ, സംസ്കാരങ്ങൾ, വേഷങ്ങൾ, ഭക്ഷണരീതികൾ, മതങ്ങൾ.... ഇങ്ങനെ വൈവിധ്യങ്ങളാൽ സമ്പുഷ്ടമായ ഭാരതത്തിൽ നാം 'നാനാത്വത്തിൽ ഏകത്വം' കാത്തുസൂക്ഷിക്കുന്നു.

ഭാരതത്തിൽ ഭാഷാടിസ്ഥാനത്തിലാണ് സംസ്ഥാനങ്ങളുടെ ക്രമീകരണം. ഭാരതത്തിൽ 1652-ഓളം ഭാഷകളുണ്ട്. ഭാരതത്തിൽ ഭരണപരമായി വിഘടിതമായിരുന്ന പ്രദേശങ്ങളാകെ ഒരേ ഭാഷ സംസാരിക്കുന്നവരുടെ നാട് എന്ന നിലയിൽ ഔപചാരികമായി ഒരുമിച്ചതും ഐക്യകേരളം രൂപംകൊള്ളുന്നതും 1956 നവംബർ 1-നാണ്. അതാത് സംസ്ഥാനങ്ങളിലെ സംസ്കാരം നിലനിറുത്തുന്നതിനുവേണ്ടിയാണ് ഭാഷ അടിസ്ഥാനമാക്കി സംസ്ഥാനങ്ങൾക്ക് രൂപംനൽകിയത്. കാരണം ഭാഷയും സംസ്കാരവും അത്രയേറെ ആഴത്തിൽ ബന്ധപ്പെട്ടിരിക്കുന്നു.

<u>ഭാഷയും സംസ്കാരവും</u>

ഭാഷ ഒരു സംസ്കാരത്തിന്റെ അടിത്തറയാണ്. ഈ അടിത്തറ തകർന്നാൽ നാടില്ല, സമൂഹവുമില്ല. സാംസ്കാരികമായി - സാമൂഹികമായി - വൈകാരികമായി നമ്മെ ചേർത്തുനിറുത്തുന്നത് ഭാഷയാണ്.

വിവിധതരത്തിലുള്ള ആദർശങ്ങളും മൂല്യങ്ങളും വിശ്വാസങ്ങളും സാന്മാർഗിക ബോധവുമെല്ലാം ഒത്തുചേർന്നാണ് സംസ്കാരം ഉടലെടുക്കുന്നത്. മാനവികതയിലധിഷ്ഠിതമായ മഹത്തായ ഒരു സംസ്കാരമാണ് നമുക്കുള്ളത്. ഈ പൈതൃകമായ സംസ്കാരം കാത്തുസൂക്ഷിക്കാൻ ഓരോ വ്യക്തികളും പ്രതിജ്ഞാബദ്ധരാണ്. അതിന് വ്യക്തികളെ സ്വാധീനിക്കാൻ കഴിയുന്ന ഏറ്റവും നല്ല മാർഗം ഭാഷയാണ്, വിശേഷാൽ അവന്റെ മാതൃഭാഷയാണ്.

## മാതൃഭാഷയും വ്യക്തിത്വവികാസവും

ഒരു വ്യക്തിക്ക് അവന്റെ ജീവിതത്തിൽ ഏറ്റവുമധികം സ്ഥാനമുള്ളത് അമ്മയ്ക്കായിരിക്കും. അമ്മയുടെ ഭാഷയായ മാതൃഭാഷ കുഞ്ഞിനെ സംബന്ധിച്ചിടത്തോളം പ്രാണവായുവാണ്. അമ്മയോളം പ്രാധാന്യം മാതൃഭാഷയ്ക്കും ഉള്ളതുകൊണ്ടാണ്.

ശ്രീ. വള്ളത്തോൾ നാരായണമേനോൻ ഇങ്ങനെ പാടിയത്:

"മിണ്ടിത്തുടങ്ങാൻ ശ്രമിക്കുന്ന പിഞ്ചിളം
ചുണ്ടിന്മേലമ്മിഞ്ഞപ്പാലോടൊപ്പം
അമ്മയെന്നുള്ള രണ്ടക്ഷരമല്ലയോ
സമ്മേളിച്ചീടുന്നതൊന്നാമതായ്
മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ
മർത്യനു പെറ്റമ്മ തൻ ഭാഷ താൻ"

ഒരു വ്യക്തി ചിന്തിക്കുന്നതും ഗ്രഹിക്കുന്നതും പ്രായോഗികതലത്തിൽ കൊണ്ടുവരുന്നതുമെല്ലാം അവന്റെ മാതൃഭാഷയിലായിരിക്കും. വികാരങ്ങളുടെ ഭാഷയായ മാതൃഭാഷയ്ക്ക് ഒരു വ്യക്തിയെ ഒട്ടനവധി രൂപാന്തരപ്പെടുത്തുന്നതിന് കഴിയും. ഒരു വ്യക്തിയെ സംസ്കാരമുള്ളവനാക്കി മാറ്റുന്നതിന് മാതൃഭാഷയ്ക്ക് കഴിയും. സംസ്കാരമുള്ള പൗരന്മാരുടെ സ്വഭാവം മെനഞ്ഞെടുക്കുന്നതിന് ഭാഷയോളം പ്രാധാന്യമുള്ള ഒന്നുമില്ല.

എന്റെ മാതൃഭാഷ-മലയാളം

ദൈവത്തിന്റെ സ്വന്തം നാടായ നമ്മുടെ കൊച്ചുകേരളം..... അതിമഹത്തായ നവോത്ഥാന മൂല്യങ്ങൾ വസിക്കുന്ന സ്ഥലം..... രാത്രി കിടക്കുന്നതിനുമുമ്പ് 'അത്താഴപഷ്ണിക്കാർ ആരെങ്കിലുമുണ്ടോ?' എന്ന് ചോദിച്ച് ആരും പട്ടിണിയില്ല എന്നുറപ്പുവരുത്തിയിരുന്ന സംസ്കാരസമ്പന്നതയുടെ നാട്. കേരളീയരുടെ മാതൃഭാഷ മലയാളമാണ്.

ഏകദേശം മൂവായിരം വർഷങ്ങൾക്കു മുമ്പ് ദക്ഷിണേന്ത്യയിൽ മുഴുവൻ പ്രചാരത്തിലുണ്ടായിരുന്ന ആദിദ്രാവിഡഭാഷയിൽ നിന്നാണ് തമിഴും, തെലുങ്കും, കന്നടയും, മലയാളവുമെല്ലാം അതത് ദേശങ്ങളിലെ പ്രത്യേകതകൾക്കനുസരിച്ച് സ്വതന്ത്രഭാഷയായി വളർന്നുവികസിച്ചത്. മലയാളത്തിന്റെ പ്രൗഢിയും സംസ്കാരവുമെല്ലാം മറ്റാർക്കും അവകാശപ്പെടാനില്ലാത്തതാണ്.

തമിഴിന്റെ ഉപഭാഷയാണ് മലയാളമെന്നും, സംസ്കൃതത്തിന്റെ ഉപഭാഷയാണ് മലയാളമെന്നും വ്യത്യസ്ത അഭിപ്രായങ്ങൾ നിലനിൽക്കുന്നു എങ്കിലും, ആദ്യകാല മലയാളത്തെകുറിച്ച് അറിവ് ലഭിച്ചത് ലീലാതിലകം എന്ന ലക്ഷണഗ്രന്ഥത്തിൽ നിന്നുമാണ്. പ്രാചീന കവിത്രയങ്ങളായ എഴുത്തച്ഛൻ, കുഞ്ചൻ നമ്പ്യാർ, ചെറുശ്ശേരി എന്നിവരും ആധുനിക കവിത്രയങ്ങളായ കുമാരനാശാൻ, ഉള്ളൂർ, വള്ളത്തോൾ എന്നിവരും മലയാളഭാഷയ്ക്ക് നൽകിയ സംഭാവന ചെറുതല്ല. എന്നിരുന്നാലും മലയാളഭാഷയുടെ പിതാവായി ഭക്തി-സാഹിത്യത്തിന്റെ ഉപജ്ഞാതാവായ എഴുത്തച്ഛനെയാണ് നാം കണക്കാക്കുന്നത്.

മലയാളത്തിന്റെ സാഹിത്യശാഖകളായ മണിപ്രവാളം, ആട്ടക്കഥ, കീർത്തനസാഹിത്യം, തുള്ളൽകഥ, കിളിപ്പാട്ട്, ഹാസസാഹിത്യം എന്നിവയുടെയൊക്കെ വിസ്തീർണ്ണം

വലുതായതിനാലാണ് 2014-ൽ മലയാളത്തിന് ശ്രേഷ്ഠഭാഷാപദവി ലഭിച്ചത്. ഒട്ടനവധി മലയാളികളുടെ ചിരകാല സ്വപ്നസാഫല്യമായിരുന്നു അത്.

കേരളത്തിൽ P.S.C യുടെ നിയമനപരീക്ഷാ ചോദ്യപേപ്പർ മലയാളത്തിലാക്കുന്നതിനു വേണ്ടി ഒരുപാട് സാംസ്കാരികനേതാക്കളും വ്യക്തികളും നടത്തിയ സമരം വിജയം കണ്ട വാർത്ത നമ്മെ സന്തോഷിപ്പിച്ചതാണ്. എന്നാൽ നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പിണറായി വിജയൻ കേരളപിറവി ദിനത്തിൽ എഴുതിയ ലേഖനത്തിൽ ചോദിക്കുന്നതുപോലെ മലയാളം ശ്രേഷ്ഠഭാഷയായി എന്ന് പറഞ്ഞ് നമുക്ക് വിശ്രമിക്കാനാകില്ല., മലയാളത്തെ പൂർണ്ണാർത്ഥത്തിൽ ഭരണഭാഷയാക്കാൻ കഴിഞ്ഞോ ?. സമ്പൂർണ്ണമായി കോടതിഭാഷ ആകാൻ കഴിഞ്ഞോ?. നാം ഇനിയും ഭാഷയുടെയും സംസ്കാരത്തിന്റെയും അഭിവൃദ്ധിക്കായി മുന്നോട്ടുപോകേണ്ടിയിരിക്കുന്നു.

മാറുന്ന സംസ്കാരം

മുമ്പ് നിലനിന്നിരുന്ന അന്ധവിശ്വാസങ്ങളുടെയും ആചാരാനുഷ്ഠാനങ്ങളുടെയും ഇരുളടഞ്ഞ ലോകത്തിൽ നിന്നും നൂതന ആശയങ്ങളുടെയും ശാസ്ത്രീയവിലയിരുത്തലുകളുടെയും ലോകത്തിലാണ് നാമിന്ന് ജീവിക്കുന്നത്. എന്നാൽ പാശ്ചാത്യഭ്രമം അനുകരിക്കാൻ ശ്രമിക്കുന്ന സംസ്കാരമുള്ളവരായി നാം മാറിയിരിക്കുന്നു.

കാർഷികമേഖലയിൽ അധിഷ്ഠിതമായിരുന്ന സംസ്കാരമുള്ള ഭാരതം പക്ഷെ ഇന്ന് ഒരു ഉപഭോക്തൃ രാജ്യമായി മാറിയിരിക്കുന്നു. കാർഷികസംസ്കാരത്തോടു നാം വിമുഖത കാട്ടിയതിന്റെ പരിണിതഫലമാണ് രാജ്യം നേരിടുന്ന സാമ്പത്തികപ്രതിസന്ധിയും കർഷക ആത്മഹത്യകളും. കാർഷിക സംസ്കാരത്തിൽ നിലവിലുണ്ടായിരുന്ന നിരവധി ഭാഷാശൈലികളും പ്രയോഗങ്ങളും ഇന്ന് അന്യനിന്ന് പോയികൊണ്ടിരിക്കുന്നു.

(Note: Graded articles may be published in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

മറയുന്ന ഭാഷ

ഇന്ന് മാതൃഭാഷയുടെ പ്രാധാന്യം കുറഞ്ഞുവന്നുകൊണ്ടിരിക്കുന്നു. ആംഗലേയ ഭാഷയുടെ അതിപ്രസരം സമൂഹത്തെ വല്ലാതെ ബാധിച്ചിരിക്കുന്നു. ലോകഭാഷയെന്ന നിലയിലും കമ്പ്യൂട്ടർ ഭാഷയെന്ന നിലയിലും ആംഗലേയ ഭാഷയ്ക്കുള്ള പ്രാധാന്യം നമുക്ക് തള്ളിക്കളയാനാകില്ല. എന്നിരുന്നാലും അമ്മയെ ധിക്കരിച്ചിട്ടോ പുറത്താക്കിയിട്ടോ ആകരുത് അതിഥികളെ സ്വീകരിക്കുന്നതും സൽക്കരിക്കുന്നതും. ഓരോ ഭാഷയ്ക്കും അതിന്റേതായ പ്രാധാന്യമുള്ളതുകൊണ്ടാണ് പാഠ്യപദ്ധതിയിൽ ത്രിഭാഷാനയം കൊണ്ടുവരാൻ ഗാന്ധിജി ശ്രമിച്ചത്.

മാതാപിതാക്കൾക്ക് ഒരു വിമർശനശരമായി കുഞ്ഞുണ്ണിമാഷ് തൊടുത്തിവിട്ട വരികളാണ് "ജനിക്കും മുമ്പെൻ മകൻ ഇംഗ്ലീഷ് പഠിക്കണം, അതുകൊണ്ട് ഭാര്യതൻ പേറങ്ങ് ഇംഗ്ലണ്ടിലാക്കിനേൻ". എന്നിട്ടും നാം നമ്മുടെ മാതൃഭാഷയ്ക്കും രാഷ്ട്രഭാഷയായ

ഹിന്ദിക്കുമെല്ലാം അർഹിക്കുന്ന പരിഗണന നൽകുന്നുണ്ടോ എന്ന് വീണ്ടും ചിന്തിക്കേണ്ടതുണ്ട്.

നഷ്ടമായി കൊണ്ടിരിക്കുന്ന സംസ്കാരവും ഭാഷയും വീണ്ടെടുക്കുന്നതിനുള്ള ചില നിർദ്ദേശങ്ങൾ...

- മാതൃഭാഷയ്ക്ക് കൂടുതൽ പ്രാധാന്യം നൽകുന്ന വിധത്തിൽ വിദ്യാഭ്യാസരീതി മാറണം.
- വിദ്യാലയങ്ങളിൽ വിവിധ ഭാഷകൾ സംസാരിക്കുന്നതിനും പഠിക്കുന്നതിനുമുള്ള അവസരം നൽകുക.
- വിദ്യാഭ്യാസം അക്ഷരങ്ങൾക്കപ്പുറം സ്വഭാവ രൂപീകരണത്തിനും മൂല്യാധിഷ്ഠിത ജീവിതത്തിനും വേണ്ടിയാകണം.
- കുട്ടികളെ സംസ്കാരമുള്ളവരാക്കി മാറ്റുന്നതിന് വേണ്ടി രൂപം നൽകിയ 'വിദ്യാലയം പ്രതിഭകളിലേക്ക്' എന്ന പദ്ധതിയിലൂടെ വിദ്യാർത്ഥികൾക്ക് സാംസ്കാരിക നേതാക്കളുമായി സംവദിക്കാനുള്ള

അവസരം ലഭിച്ചു. ഇതുപോലെയുള്ള ജീവിതവിജയം കൈവരിച്ച വ്യക്തിത്വങ്ങളുമായി ഇടപഴകാൻ കൂടുതൽ അവസരങ്ങൾ സൃഷ്ടിക്കുക.

- ഭാഷാജ്ഞാനവും സംസ്കാരവും മൂല്യബോധവും വളർത്തുന്നതിന് അത്യന്താപേക്ഷിതമായ വായന പ്രോത്സാഹിപ്പിക്കുക. പുസ്തകങ്ങളുമായി ചങ്ങാത്തം കൂടുന്നതിനും ഇ-വായനയുടെ ലോകം പരിചയപ്പെടുന്നതിനുമുള്ള അവസരങ്ങൾ നൽകുക.
- നഷ്ടമായിക്കൊണ്ടിരിക്കുന്ന പഴയ പദങ്ങളും ശൈലികളും ശേഖരിച്ച് നിഘണ്ടു തയ്യാറാക്കാം.
- മാധ്യമങ്ങൾ ഉപയോഗിക്കുമ്പോൾ അതിലെ അനന്തമായ സാധ്യതകളെ പ്രയോജനപ്പെടുത്തി സാംസ്കാരികമൂല്യങ്ങളിലധിഷ്ഠിതമായ കാര്യങ്ങൾ മാത്രം സ്വാംശീകരിക്കുന്നതിന് അവബോധം നൽകുക.
- ഭാഷയും സംസ്കാരവും തമ്മിലുള്ള അഗാധമായ ബന്ധത്തെക്കുറിച്ച് ബോധവത്കരണം നടത്താം.

നഷ്ടമാകാതെ നമ്മുടെ സംസ്കാരത്തെയും ഭാഷയെയും സൂക്ഷിക്കേണ്ട വലിയ ഉത്തരവാദിത്തം വിദ്യാർത്ഥികളിലുണ്ട്. ഇന്നത്തെ കുഞ്ഞുങ്ങളാണ് നാളത്തെ പൗരന്മാർ. എന്നതിനാൽ സാംസ്കാരിക - ഭാഷാ നവോത്ഥാനത്തിന്റെ വക്താക്കളായി മാറാൻ നമുക്ക് സാധിക്കും. എല്ലാ ഭാഷകളെയും സംസ്കാരത്തെയും ആദരിക്കാൻ നമുക്ക് കഴിയണം. ജാതി - മത - വർഗ്ഗ - വർണ്ണ - ലിംഗ വേർതിരിവുകളില്ലാതെ നല്ലൊരു ഭാവിയെ വാർത്തെടുക്കുന്നതിനായി കൈകൾ കോർത്ത്, ഒത്തൊരുമയോടെ പ്രവർത്തിക്കാം.

ആധാരഗ്രന്ഥങ്ങൾ :

- കേരളം മലയാളികളുടെ മാതൃഭൂമി - ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട്.
- മാതൃഭാഷയ്ക്കുവേണ്ടിയുള്ള സമരം - ശ്രീ പി. പവിത്രൻ